## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 25. 06. 2012 - ൽ മറുപടിക്ക്

നമ്പർ: 3531

## അഴിമതി തടയാൻ വിജിലൻസ് വകുപ്പിൻെറ നിർദ്ദേശങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സി.ദിവാകരൻ : | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി. |
| (എ) അഴിമതി തടയാൻ വിജിലൻസ് വകുപ്പ് നേരിട്ട് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ ; | (എ ) അഴിമതി തടയുന്നതിൻെറ ഭാഗമായി ഓരോ ജില്ലയിലെയും അഴിമതി നിരോധന വകുപ്പ് യൂണിറ്റ് മേധാവികളുടെ മേൽവിലാസവും ടെലഫോൺ നമ്പരുകളും എല്ലാ സർക്കാർ ഓഫീസുകളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. പൊതുജനങ്ങളുമായി കൂടുതൽ സമ്പർക്കം പുലർത്തുന്ന ഓഫീസുകൾ കേന്ദ്രീകരിച്ച് സംസ്ഥാന തലത്തിൽ മിന്നൽ പരിശോധനകൾ നടത്തി വരുന്നു. ഇത്തരം മിന്നൽ പരിശോധനകൾ സർക്കാർ ആഫീസുകളിലെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനും, ഖജനാവിന് ഉണ്ടാകാവുന്ന ധനനഷ്ടം ഒഴിവാക്കുന്നതിനുമുള്ള നടപടികൾ എടുക്കുന്നതിനും സഹായകരമായിട്ടുണ്ട്. അഴിമതിക്കാരായ ഉദ്യോഗസ്ഥരെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് പരിശോധിച്ച് വിശകലനം ചെയ്യുന്നതിന് പോലീസ് സൂപ്രണ്ടിൻെറ ( ഇന്റലിജൻസ്) മേൽ നോട്ടത്തിൽ ഇന്റലിജൻസ് വിഭാഗത്തെ കാര്യക്ഷമമായി പ്രവർത്തിപ്പിയ്ക്കുന്നതിന് നടപടികൾ നടന്നു വരുന്നു. കൈക്കൂലി ചോദിച്ച് വാങ്ങുന്നവരെ കൈയ്യോടെ പിടികൂടുന്നതിനായി പ്രത്യേക നടപടികൾ സ്വീകരിച്ച് വരുന്നു.കൂടാതെ അഴിമതി തടയുന്നതിന് വിവിധ വകുപ്പുകളെ ഏകോപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ഇതിലേയ്ക്കായി സർക്കാർ ഉദ്യോഗസ്ഥരെയും പൊതു മേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരെയും കുറിച്ച് പൊതുവായ നിരീക്ഷണത്തിനും വിവരശേഖരണത്തിനുമായി അതാത് വകുപ്പുകളിലേയും പൊതുമേഖലാ സ്ഥാപനങ്ങളിലെയും വിജില |

ൻസ് ഓഫീസർമാർ ശേഖരിക്കുന്ന വിവരങ്ങളുടെ പകർപ്പ് സർക്കാരിലേയ്ക്കും അതത് വകുപ്പ് തലവൻമാർക്കും അയയ്ക്കുന്നതോടൊപ്പം തന്നെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലേയ്ക്കും അയച്ച് കൊടുക്കുന്നതിനും നിർദ്ദേശിച്ചു കൊണ്ട് 03.05.2012 - ൽ സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

| | |
|---|---|
| (ബി) വിജിലൻസ് ഡിപ്പാർട്ട്മെന്റിൽ ആകെ എത്ര കേസുകൾ തീർപ്പുകൽപ്പിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ ? | (ബി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ 496 കേസുകൾ തീർപ്പുകൽപ്പിക്കാനുണ്ട്. |

സെക്ഷൻ ആഫീസർ